പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം : 709 28.09.2011 —ൽ മറുപടിയ്ക്ക്

## കയർ ഉത്പാദന നിർമ്മാണ മേഖലയുടെ ആധുനിക വല്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) : പരമ്പരാഗത കയർ ഉത്പാദന നിർമ്മാണ മേഖല സമയബന്ധിതമായി ആധുനികവൽക്കരിക്കേണ്ടതിന്റെയും പുനഃസംഘടിപ്പിക്കേണ്ടതിന്റെയും ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിനായി ഏതെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ? | (ബി) കയർമേഖലയ്ക്കാവശ്യമായ ഗുണമേന്മയുള്ള യന്ത്ര സാമഗ്രികൾ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ ആലപ്പുഴയിൽ സ്ഥാപിക്കുന്ന യന്ത്ര നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഉല്പാദന ക്ഷമത കൂടിയ വിവിധ ഇനം കയർ പിരിക്കാവുന്ന ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചു വരുന്നു. കയർ മേഖലയുടെ പുരോഗതിക്കായി കയർ മേഖലയിൽ നിയന്ത്രിത യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതികളും നടപ്പിലാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ